# നവകേരളീയം കുടിശ്ശിക നിവാരണം- 2019

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**

A.E.L18814 /18

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 31.12.2018.

## സർക്കുലർ നമ്പർ: 67/2018

വിഷയം- സഹകരണ വകുപ്പ്- പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി -ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2019 സംഘടിപ്പിക്കുന്നത്-മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയത് - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 26.11.2018 തീയതിയിലെ 61/2018 നമ്പർ സർക്കുലർ.

സൂചന സർക്കുലർ ചുവടെപ്പറയും പ്രകാരം തിരുത്തൽ വരുത്തി ഭേദഗതി വരുത്തുന്നു.

**2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള വായ്പകൾ**

2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കിയും പിഴപ്പലിശ ഒഴിവാക്കിയും, ആർബിട്രേഷൻ /എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കിയും താഴെ പറയും പ്രകാരം പലിശ ഇളവ് നൽകി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

| ക്രമ നമ്പർ | കാലാവധി | പലിശ ഇളവ് |
|---|---|---|
| 1. | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് | പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരം വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2. | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 10% വരെ ഇളവ്. |
| 3. | 3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 15% വരെ ഇളവ്. |

| | | |
|---|---|---|
| 4. | 5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായ വായ്പ കൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 20% വരെ ഇളവ്. |
| 5. | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 25% വരെ ഇളവ്. |

ഇത്തരം വായ്പകളിൽ സംഘം ഭരണസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 25% വരെ ഇളവ് അനുവദിക്കാവുന്നതാണ്. സംഘം തലത്തിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്ത ഇത്തരം വായ്പകളിൽ ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന് അപേക്ഷ നൽകാവുന്നതാണ്. ജില്ലാതല കമ്മിറ്റിക്ക് സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിന്മേൽ ഇത്തരം കേസുകളിൽ പരമാവധി 40% വരെ പലിശയിൽ ഇളവു നൽകാവുന്നതാണ്. ഇപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ തുകയും നിശ്ചയിക്കുന്ന പലിശയും സംഘംതല/ജില്ലാതല കമ്മിറ്റികൾ തീരുമാനിക്കുന്ന തീയതിക്കകം അടച്ചു തീർക്കേണ്ടതാണ്.

പ്രളയ ബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക ആയിട്ടുള്ളതും പ്രളയദുരിതം നേരിടുകയും സർക്കാരിന്റെ പ്രത്യേക ധനസഹായം 10,000/- രൂപ കൈപ്പറ്റിയവരുമായ വായ്പക്കാർക്ക് ചുവടെ പറയും പ്രകാരം പലിശ ഇളവ് നൽകി സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെയും ശുപാർശയുടേയും അടിസ്ഥാനത്തിൽ സംഘം തല കമ്മിറ്റിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

| ക്രമ നമ്പർ | കാലാവധി | പലിശ ഇളവ് |
|---|---|---|
| 1. | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് | പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരം വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2. | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പ കൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 20% വരെ ഇളവ്. |
| 3. | 3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പ കൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 30% വരെ ഇളവ്. |
| 4. | 5 വർഷം മുതൽ 10 വർഷം വരെ കുടിശ്ശികയായ വായ്പ കൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 40% വരെ ഇളവ്. |

| | | |
|---|---|---|
| 5. | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 50% വരെ ഇളവ്. |

(ഒപ്പ്)
എസ്. ഷാനവാസ്. ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ് :</u>

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
8. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/ കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.........
10. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം
12. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) /വാല്വേഷൻ ആഫീസർക്കും
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ്സൈറ്റ്
19. സ്റ്റോക്ക് ഫയൽ
20. സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.ടി).